## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3466** 09.04.2013-ൽ മറുപടിയ്ക്ക്

## ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

### ചോദ്യം

**ശ്രീ.എം.ഹംസ**

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ഡി) എത്ര റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഗ്രാമീണ റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

### മറുപടി

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

**(എ),(ബി),(സി),(ഡി)&(ഇ):**

ഉണ്ട്. ഗ്രാമീണറോഡുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലാണ്. നിലവിലുള്ള സർക്കാർ ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് 12.10.2012-ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം.1741/2012/പൊ.മ.വ പ്രകാരം മരാമത്ത് വകുപ്പ് ഫണ്ടിൽ നിന്നും 200 കോടി രൂപയും 18.01.2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം.88/2012/പൊ.മ.വ പ്രകാരം 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പാലക്കാട് ഡിവിഷനിൽ 76 ഗ്രാമീണ റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് നോൺപ്ലാൻ ഫണ്ടിൽ നിന്നും 1144 ലക്ഷം രൂപയും പ്ലാൻഫണ്ടിൽ 24 റോഡുകൾക്ക് 4000 ലക്ഷം രൂപയും അനുവദിക്കുകയും അതനുസരിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരികയുമാണ്. പൊതുമരാമത്ത് വകുപ്പിലെ സമാന പ്രവൃത്തികൾക്ക് ബാധകമായ എല്ലാ ഗുണനിലവാര പ്രവർത്തനങ്ങളും ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും ബാധകമാണ്.

സെക്ഷൻ ഓഫീസർ